ശ്രീ. ടി. കെ. നാരായണപിള്ള: ചിലപ്പോൾ കൃഷിക്കാരനും ചിലപ്പോൾ ഉടമസ്ഥനും കിട്ടും. അതായത് നെല്ല് കൊടുക്കുന്ന ആൾക്ക് അതിനുള്ള അവകാശമുണ്ടെങ്കിൽ കിട്ടുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സബ്സിഡി ഇനത്തിൽ ആകെ എത്ര ചിലവുണ്ടാകുമെന്ന് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: 2 0 ലക്ഷം രൂപായിൽ കൂടുതൽ ചിലവ് വരും.

അഞ്ചൽ കാർഡിന്റെ വില

*ക ക നമ്പ ര (ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചൽ കാർഡിന്റെ വില കൂട്ടുന്നതുകൊണ്ട് പ്രതിവർഷം എന്തു അധികം കൂടുതൽ കിട്ടുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഈ ചോദ്യം സംബന്ധിച്ച് പറയാനുള്ള സംഗതികൾ മുഴുവനും മറ്റൊരു ചോദ്യത്തിനുത്തരമായി കഴിഞ്ഞ ദിവസം അസംബ്ലിയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിൽ കൂടുതലായി ഇപ്പോൾ ഒന്നും ഈ ചോദ്യത്തിനെപ്പറ്റി പറയാനില്ല. കൂടുതൽ വിവരങ്ങൾ പറയാൻ തക്കവണ്ണം ലഭ്യമായിട്ടുമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പൊതുജനങ്ങളുടെ അഭിപ്രായം കാർഡിന് വിലകൂട്ടാൻ പാടില്ലെന്നാണ്. ആ വിവരം ഇന്ത്യാഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു സംബന്ധമായി രേഖാമൂലമായ വല്ല ഉത്തരവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കാര്യത്തെപ്പറ്റി ഇന്ത്യാഗവൺമെന്റ് ഏതെങ്കിലും പ്രസ്സ്നോട്ട് ഇറക്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് ഈ ഗവൺമെന്റിനു ഇന്നുവരെ അറിയാൻ സാധിച്ചിട്ടില്ല.

അഞ്ചലും തപാലും ആഫീസുകൾ

*ക ക നമ്പ ൪. (൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ. താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചലും തപാലും ഡിപ്പാർട്ടുമെന്റുകൾ സംയോജിപ്പിക്കുമ്പോൾ തിരുവിതാംകൂർ–കൊച്ചിസ്റ്റേറ്റിൽ എത്ര അഞ്ചൽ ആഫീസുകളും എത്ര പോസ്റ്റാഫീസുകളും നിറുത്തൽ ചെയ്യേണ്ടതായിവരും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിനു ഞാൻ ഇന്നലെത്തന്നെ മറുപടി പറഞ്ഞതാണ് കേന്ദ്രഗവൺമെന്റിൽനിന്നും വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly